**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1719** **12-09-2023 - ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഗുരുവായൂർ മണ്ഡലത്തിൽ എന്തെല്ലാം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ വന്നതിന് ശേഷം ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പുന്നയൂർക്കുളം കേരഗ്രാമം പദ്ധതി 2021 -22 വർഷത്തിൽ തുടങ്ങി. പദ്ധതി നടപ്പിലാക്കിയതിലൂടെ കൈവരിച്ച പുരോഗതി അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് എത്ര തുക അനുവദിച്ചുവെന്നും നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്നും അറിയിക്കുമോ; | (ബി) | 2021 -22 വർഷത്തിൽ പുന്നയൂർക്കുളം ഒന്നാം വർഷം കേരഗ്രാമത്തിന് 50 .17 ലക്ഷം രൂപ അനുവദിച്ചു കിട്ടിയതിൽ, 39 .17 ലക്ഷം രൂപ ചെലവഴിച്ചു .<br><br>അതിന്റെ രണ്ടാം വർഷം (2022 -23) 20.00 ലക്ഷം രൂപ അനുവദിച്ചതിൽ 18 .25 ലക്ഷം രൂപ ചെലവഴിച്ചു . |
| (സി) | മണ്ഡലത്തിലെ ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാത്തതെന്നും ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ? | (സി) | കേരഗ്രാമം പദ്ധതി ഇതുവരെ നടപ്പിലാക്കിയിട്ടില്ലാത്ത പഞ്ചായത്തുകൾ പുന്നയൂർ, വടക്കേക്കാട് പൂക്കോട് എന്നിവയും ഗുരുവായൂർ മുനിസിപ്പാലിറ്റിയുമാണ്. കേരഗ്രാമം പദ്ധതി 100 ഹെക്ടർ തെങ്ങിൻ പ്രദേശമുള്ള പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്. ഇതുവരെ നടപ്പിലാക്കാത്ത പഞ്ചായത്തുകൾക്കും, കീടരോഗാക്രമണം കൂടുതൽ ഉള്ള പ്രദേശങ്ങൾക്കും പുതിയ കേരഗ്രാമ പദ്ധതി അനുവദിക്കുമ്പോൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മുൻഗണന നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### a) പുന്നയൂർക്കുളം കേരഗ്രാമം-ഒന്നാം വർഷം

| ക്രമ നം. | ഘടകം | എണ്ണം /kg | ചെലവായ തുക (രൂപയിൽ) |
|---|---|---|---|
| 1. | തടമെടുക്കൽ | 42654 തെങ്ങുകൾ | 14,79,240 |
| 2. | കുമ്മായം | 5002 kg | 45, 023 |
| 3. | ജൈവ വളം | 42177 kg | 10,54,427 |
| 4. | മഗ്നീഷ്യം സൾഫേറ്റ് | 2454 kg | 9,206 |
| 5. | ഇടവിള കൃഷി (ഇഞ്ചിയും മഞ്ഞളും ) | 5780 kg | 4,39,000 |
| 6. | തൊണ്ട് അടുക്കൽ | 20 തെങ്ങുകൾ | 962 |
| 7. | രാസവളം | 42654 തെങ്ങുകൾ | 85,245 |
| 8. | മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം | 2 എണ്ണം | 20,000 |
| 9. | തെങ്ങു കയറ്റ യന്ത്രം | 26 എണ്ണം | 52,000 |
| 10. | പമ്പ്സെറ്റ് | 79 എണ്ണം | 5,94,754 |
| 11. | ഡ്രിപ് (തുള്ളിനന )യൂണിറ്റ് | 3 എണ്ണം | 36,200 |
| 12. | കേരസമിതിക്ക് ധനസഹായം | | 85,943 |
| 13. | കൃഷി ഭവൻ പ്രവർത്തന ഫണ്ട് | | 15,000 |
| | **ആകെ** | | **39,17,000** |

### b) പുന്നയൂർക്കുളം കേരഗ്രാമം-രണ്ടാം വർഷം

| ക്രമ നം | ഘടകം | എണ്ണം /kg | ചെലവായ തുക (രൂപയിൽ ) |
|---|---|---|---|
| 1. | കുമ്മായം | 2401 kg | 39,420 |
| 2. | ജൈവ വളം | 400 ton | 6,92,460 |
| 3. | മഗ്നീഷ്യം സൾഫേറ്റ് | 1824 kg | 6,840 |
| 4. | രാസവളം | 4158 തെങ്ങുകൾ | 83,160 |
| 5. | കേരസമിതിക്ക് ധനസഹായം | | 20,000 |
| 6. | കൃഷി ഭവൻ പ്രവർത്തന ഫണ്ട് | | 5,000 |
| 7. | പരിചരണ പ്രവർത്തികൾ | 27946 തെങ്ങുകൾ | 9,78,120 |
| | **ആകെ** | | **18,25,000** |